**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3267** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ഐസൊലേഷൻ വാർഡിൽ ജോലി ചെയ്യുന്നവർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി ആരംഭിച്ചതു മുതൽ കേരളത്തിലെ സർക്കാർ ആശുപത്രി ഐസൊലേഷൻ വാർഡുകളിൽ ജോലി ചെയ്യുന്ന നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ തുടങ്ങിയ താൽക്കാലിക / കരാർ ജീവനക്കാരെ ആശുപത്രികളിൽ നിലനിർത്താൻ നടപടി സ്വീകരിക്കുമോ; | (എ) | ദേശീയ യോഗ്യ ദൗത്യം (എൻ.എച്ച്.എം), ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, കുടുംബശ്രീ മുതലായവ വഴി ആശുപത്രികളിലെ ജോലി ഭാരം കണക്കിലെടുത്ത് താൽക്കാലിക / കരാർ ജീവനക്കാരെ നിയമിക്കാറുണ്ട്. പ്രസ്തുത നിയമനം താൽക്കാലികം മാത്രമാണ്. നിലവിലെ ചട്ട പ്രകാരം താൽക്കാലിക / കരാർ ജീവനക്കാരെ സ്ഥിരപ്പെട്ടുത്താൻ നിർവ്വാഹമില്ല. കോവിഡ് കാലയളവിൽ എൻ.എച്ച്.എം ന് കീഴിൽ ജോലി ചെയ്യുന്ന ദിവസ വേതന അടിസ്ഥാനത്തിലും താൽക്കാലിക അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഇൻസെന്റീവും റിസ്ക് അലവൻസും നൽകുന്നുണ്ട്. |
| (ബി) | പരിചയസമ്പന്നരായ ഇവർക്ക് പ്രത്യേക പരിഗണനയിൽ എന്തെങ്കിലും ആനുകൂല്യം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ദേശീയ യോഗ്യ ദൗത്യം (എൻ.എച്ച്.എം), ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, കുടുംബശ്രീ മുതലായവ വഴി ആശുപത്രികളിലെ ജോലി ഭാരം കണക്കിലെടുത്ത് താൽക്കാലിക / കരാർ ജീവനക്കാരെ നിയമിക്കാറുണ്ട്. പ്രസ്തുത നിയമനം താൽക്കാലികം മാത്രമാണ്. നിലവിലെ ചട്ട പ്രകാരം താൽക്കാലിക / കരാർ ജീവനക്കാരെ സ്ഥിരപ്പെട്ടുത്താൻ നിർവ്വാഹമില്ല. കോവിഡ് കാലയളവിൽ എൻ.എച്ച്.എം ന് കീഴിൽ ജോലി ചെയ്യുന്ന ദിവസ വേതന അടിസ്ഥാനത്തിലും താൽക്കാലിക അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഇൻസെന്റീവും റിസ്ക് അലവൻസും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ